73305/18

കേരള സർക്കാർ
സംഗ്രഹം

സഹകരണവകുപ്പ്-കൺസ്യൂമർഫെഡിലെ ജീവനക്കാർക്ക് 01.11.2016 മുതൽ പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

---

**സഹകരണ (എ ) വകുപ്പ്**

സ.ഉ (കൈ) നം.27/2018/സഹ തീയതി , തിരുവനന്തപുരം , 12.07.2018

---

പരാമർശം :- 1) സ.ഉ (സാധാ) നം. 360/2017/സഹ തീയതി 15/07/2017
2) സ.ഉ (സാധാ) നം. 408/2017/സഹ തീയതി 01/08/2017
3) സ.ഉ (സാധാ) നം. 517/2017/സഹ തീയതി 25/09/2017
4) സഹകരണ സംഘം രജിസ്ട്രാറുടെ 21.06.2018 ലെ ഇ.എം(4)/9595/2018 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന സഹകരണ കൺസ്യൂമർഫെഡറേഷനിലെ ജീവനക്കാർക്ക് 01.11.2016 തീയതി പ്രാബല്യത്തിൽ ശമ്പളപരിഷ്കരണം അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

**(I) ശമ്പള സ്കെയിൽ**

ശമ്പള നിരക്കിന്റെ മാസ്റ്റർ സ്കെയിലും പുതുക്കിയ ശമ്പള സ്കെയിലും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

**(II)ശമ്പള പരിഷ്കരണ രീതി**

(i) പരിഷ്കരിച്ച ശമ്പള സ്കെയിലുകളുടെ പ്രാബല്യ തിയതി 01-11-2016 ആയിരിക്കും.
(ii) 01-11-2016-ൽ സർവ്വീസിൽ തുടരുന്ന എല്ലാ സ്ഥിരം ജീവനക്കാരും പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ പരിധിയിലായിരിക്കും.
(iii) നിലവിലെ ശമ്പള സ്കെയിൽ എന്നത് സ.ഉ (കൈ)48/11/സഹ തീയതി 01-03-2011 പ്രകാരം ഉത്തരവായ ശമ്പള സ്കെയിലുകളായിരിക്കും.
(iv) നിലവിലെ ശമ്പളം എന്നത് 01-11-2016-ലെ അടിസ്ഥാന ശമ്പളം; 01-11-2016 ന് ലഭിക്കേണ്ട ഇൻക്രിമെൻറ് ഉണ്ടെങ്കിൽ ആയത്; സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ എന്നിവ കൂട്ടി കണക്കാക്കുന്നതായിരിക്കും.
(v) (iv) - ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം, 105% ക്ഷാമബത്ത ലയിപ്പിച്ച ശേഷം കണക്കാക്കിയ നിലവിലെ അടിസ്ഥാന ശമ്പളത്തിന്റെ 15%, (ഏറ്റവും കുറഞ്ഞത് 2000 രൂപ) ഫിറ്റ്മെൻറ് ആനുകൂല്യമായും പൂർത്തിയാക്കിയ ഓരോ വർഷത്തിനും 1/2% എന്ന കണക്കിൽ (പരമാവധി 15% തുക) സർവ്വീസ് വെയിറ്റേജ് ആയും കണക്കാക്കുന്നതാണ്.
(vi) ഇപ്രകാരം കൂട്ടിക്കിട്ടിയ തുക പരിഷ്കരിച്ച ശമ്പള സ്കെയിലിലെ സ്റ്റേജ് ആണെങ്കിൽ ആയതിലോ അല്ലായെങ്കിൽ തൊട്ടടുത്ത ഉയർന്ന സ്റ്റേജിലോ നിജപ്പെടുത്തേണ്ടതാണ്.

പ്രസ്തുത തുക പുതിയ ശമ്പള സ്കെയിലിലെ പരമാവധി തുക കഴിയുകയാണെങ്കിൽ അവസാനം വാങ്ങിച്ച ഇൻക്രിമെൻറ് നിരക്കിൽ (പരമാവധി മൂന്ന്) സ്റ്റാഗ്നേഷൻ ഇൻക്രിമെൻറുകൾ അനുവദിക്കുന്നതാണ്. പുതിയ ശമ്പള പരിഷ്കരണ പ്രകാരം ശമ്പള നിർണ്ണയം നടത്തുമ്പോൾ അടിസ്ഥാനശമ്പളം , പുതുക്കിയ ശമ്പള സ്കെയിലിന്റെ പരമാവധി തുകയിൽ ശമ്പളം നിർണ്ണയിക്കേണ്ടതും അധികമായി വരുന്ന തുക 'പേഴ്സണൽ പേ' ആയി നിലനിർത്തേണ്ടതും ആയതു തുടർന്നു ലഭിക്കുന്ന ഇൻക്രിമെൻറിൽ ലയിപ്പിക്കുവാൻ പാടില്ലാത്തതുമാണ്. ഈ 'പേഴ്സണൽ പേ' എല്ലാ ആനുകൂല്യങ്ങൾക്കും, അതായത് പിന്നീടുള്ള ശമ്പള നിർണ്ണയത്തിനും, ലീവ് സാലറിക്കും, ക്ഷാമബത്തയ്ക്കും പെൻഷനും കണക്കാക്കുന്നതാണ്. ശമ്പള നിർണ്ണയത്തിന് ഓപ്ഷൻ അനുവദിക്കുന്നതല്ല.

ശമ്പള നിർണ്ണയ മാതൃക അനുബന്ധം-II ൽ ചേർത്തിരിക്കുന്നു.

## (III) വാർഷിക വേതന വർദ്ധനവ്

01.11.2016 ന ശേഷം ഏതു തീയതിയിലാണോ വാർഷിക ശമ്പള വർദ്ധനവ് ലഭിക്കേണ്ടത് അതേ തീയതിയിൽ തന്നെ ഇൻക്രിമെൻറ് നൽകുന്നതാണ്. ശമ്പള പരിഷ്കരണ തീയതി മുതൽ ഒരു വർഷം വരെ വാർഷിക ശമ്പളവർദ്ധനവിനായി കാത്തിരിക്കേണ്ടതില്ല. 01.11.2016-നോ അതിനു ശേഷമുള്ള കാലയളവിലോ സർവ്വീസിൽ പ്രവേശിക്കുന്നവർ പുതിയതായി പരിഷ്കരിച്ച ശമ്പളസ്കെയിലിൽ സർവ്വീസിൽ പ്രവേശിച്ചവരായി കണക്കാക്കുന്നതാണ്.

## (IV) സമയ ബന്ധിത ഹയർ ഗ്രേഡ് :

സമയബന്ധിത ഹയർ ഗ്രേഡ് ചുവടെ വിവരിക്കും പ്രകാരം അനുവദിക്കുന്നതാണ്.

| ക്രമ നം | തസ്തികകൾ | വർഷം | ഗ്രേഡ് |
|---|---|---|---|
| I | സെയിൽസ് അസിസ്റ്റൻറ് ഗ്രേഡ് II ഉം അതിന് മുകളിലുമുള്ള തസ്തികകൾ (17440-27530 ന് മുകളിൽ) | 8 | 1 |
| | | 16 | 2 |
| II | ഹെൽപ്പറും അതിന് താഴെയുമുള്ള തസ്തികകൾ (15500-23100 ന് താഴെ) | 8 | 1 |
| | | 16 | 2 |
| | | 23 | 3 |
| | | 28 | 4 |

ഓരോ സമയബന്ധിത ഹയർഗ്രേഡിനും യോഗ്യതയ്ക്ക് വിധേയമായി പ്രൊമോഷൻ ശ്രേണിയിലെ ഉയർന്ന തസ്തികയുടെ ശമ്പള സ്കെയിൽ അനുവദിക്കുന്നതാണ്. എന്നാൽ നിശ്ചിതയോഗ്യത ഇല്ലാത്ത ജീവനക്കാർക്ക് ഇവയ്ക്ക് രണ്ടിനും മദ്ധ്യേയുള്ള താഴെപ്പറയുന്ന ശമ്പള സ്കെയിൽ അനുവദിക്കുന്നതാണ്.

**സ്കെയിൽ : 16430-310-16740-350-18140-390-20480-430-22630-470-23570.**

സമയ ബന്ധിത ഹയർ ഗ്രേഡിന് ഉയർന്ന പ്രൊമോഷൻ തസ്തികയിൽ നിശ്ചിത യോഗ്യതയില്ലാത്ത ജീവനക്കാർക്ക് താഴെപ്പറയും പ്രകാരം ശമ്പള സ്കെയിലുകൾ അനുവദിക്കുന്നതാണ്.

| പരിഷ്കരിച്ച സ്കെയിൽ | ഹയർ ഗ്രേഡ്-I | ഹയർ ഗ്രേഡ്-II | ഹയർ ഗ്രേഡ്-III | ഹയർ ഗ്രേഡ്-IV |
|---|---|---|---|---|
| 15500-23100 | 16430-23570 | 18140-29750 | 21340-36710 | 26000-46160 |
| 17440-27530 | 18140-29750 | 21340-36710 | | |

## (V) കൺസോളിഡേറ്റഡ് ജീവനക്കാരുടെ ശമ്പളം

'കൺസോളിഡേറ്റഡ് പേ'-ൽ ഇപ്പോൾ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് 15500-23100 എന്ന ശമ്പള സ്കെയിലിൽ, കുറഞ്ഞ അടിസ്ഥാന ശമ്പളമായ 15500 രൂപ 01-11-2016 മുതൽ പ്രാബല്യത്തിൽ അനുവദിക്കുന്നു. II-ലെ 'ശമ്പള പരിഷ്കരണ രീതി', ശമ്പളം നിർണ്ണയം നടത്തുമ്പോൾ ഇവർക്ക് ബാധകമായിരിക്കുന്നതല്ല. എന്നാൽ ക്ഷാമബത്ത തുടങ്ങിയ അലവൻസുകൾക്ക് ധനവകുപ്പിന്റെ 13-05-2015 തീയതിയിലെ 48/2015/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥ പ്രകാരം അർഹത ഉണ്ടായിരിക്കുന്നതാണ്.

ബിരുദമോ അതിനു മുകളിലുള്ള അധികയോഗ്യതകളോ ഉള്ള ജീവനക്കാർക്ക് 15500-23100 എന്ന ശമ്പള സ്കെയിലിലെ ആദ്യ സ്റ്റേജിലെ ഒരു വാർഷിക ശമ്പള വർദ്ധനവ് (310 രൂപ) അധികമായി അനുവദിക്കുന്നതാണ്.

## (VI) പാർട്ട് ടൈം സ്വീപ്പർ

പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം താഴെപ്പറയും പ്രകാരമായിരിക്കും.

| നിലവിലുള്ള വേതനം | പരിഷ്കരിച്ച വേതനം |
|---|---|
| 3610 + ക്ഷാമബത്ത | 7450 + ക്ഷാമബത്ത |
| 4270 + ക്ഷാമബത്ത | 8800 + ക്ഷാമബത്ത |

## (VII) ദിവസ വേതനക്കാർ

കൺസ്യൂമർ ഫെഡിലെ ദിവസ വേതനക്കാരുടെ ദിവസവേതനം 650/- (അറുനൂറ്റി അൻപത് രൂപ മാത്രം) ആയി പരിഷ്കരിക്കുന്നു.

## (VIII) കരാർ ജീവനക്കാർ

കരാർ ജീവനക്കാരുടെ വേതനം, 15,000 /- രൂപ (രൂപ പതിനയ്യായിരം മാത്രം) ആയിരിക്കും.

## (IX) അലവൻസുകൾ

**(i) ക്ഷാമബത്ത** — 01/07/2016 ലെ ക്ഷാമബത്തയായ 105% ലയിപ്പിച്ചാണ് ശമ്പള പരിഷ്കരണം നടപ്പാക്കുന്നത്. ആയതിനാൽ പുതുക്കിയ ക്ഷാമബത്ത ചുവടെ വിവരിക്കും പ്രകാരമാണ്:

| | |
|---|---|
| 01/11/2016 മുതൽ | ക്ഷാമബത്ത 0% |
| 01/01/2017 മുതൽ | ക്ഷാമബത്ത 2% |

**(ii) വീട്ടുവാടക അലവൻസ്**

| നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|
| അടിസ്ഥാന ശമ്പളത്തിന്റെ 10% (പരമാവധി 900 രൂപ) | അടിസ്ഥാന ശമ്പളത്തിന്റെ 10% (പരമാവധി 2000 രൂപ) |

**(iii) സിറ്റി കോമ്പൻസേറ്ററി അലവൻസ്**

| നിലവിലുള്ളത് | | പരിഷ്കരിച്ചത് | |
|---|---|---|---|
| അടിസ്ഥാന ശമ്പളം 12300 വരെ | 100 | അടിസ്ഥാന ശമ്പളം 26000 വരെ | 250 |
| അടിസ്ഥാന ശമ്പളം 12301 ന്ന മുകളിൽ | 200 | അടിസ്ഥാന ശമ്പളം 26001 ന്ന മുകളിൽ | 500 |

**(iv) മെഡിക്കൽ അലവൻസ്** : ഇ.എസ്.ഐ യുടെ പരിധിയിൽ വരാത്ത ജീവനക്കാരുടെ മെഡിക്കൽ അലവൻസ് പ്രതിവർഷം 3500 രൂപ ആയിരിക്കും.

**(v) കണ്ണട അലവൻസ്** : കണ്ണട അലവൻസ് 1250 രൂപ ആയിരിക്കും.

**(vi) യാത്രാബത്ത** : യാത്രബത്ത അനുവദിക്കുന്നതിനായി ജീവനക്കാരെ, അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം തരം തിരിക്കുന്നു.

| | |
|---|---|
| ഗ്രേഡ് I | അടിസ്ഥാന ശമ്പളം 47000 രൂപയ്ക്ക് മുകളിൽ |
| ഗ്രേഡ് II (a) | അടിസ്ഥാന ശമ്പളം 40420 രൂപയ്ക്ക് മുകളിൽ 47000 രൂപയ്ക്ക് താഴെ |
| ഗ്രേഡ് II (b) | അടിസ്ഥാന ശമ്പളം 26000 രൂപയ്ക്ക് മുകളിൽ 40,420 രൂപയ്ക്ക് താഴെ |
| ഗ്രേഡ് III | അടിസ്ഥാന ശമ്പളം 17790 രൂപയ്ക്ക് മുകളിൽ 26000 രൂപയ്ക്ക് താഴെ |
| ഗ്രേഡ് IV | അടിസ്ഥാന ശമ്പളം 17790 രൂപയ്ക്ക് താഴെ |

17/05/2016 ലെ സ.ഉ(സാധാ)298/2016/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള പ്രത്യേക അലവൻസുകൾ അതേപടി നിലനിൽക്കുന്നതാണ്.

## നിബന്ധനകൾ

- കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ(കൺസ്യൂമർഫെഡ്)-ലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് എതിരായോ ജീവനക്കാർക്ക് പുതിയ ശമ്പള സ്കെയിൽ അനുവദിക്കുന്നതിനെതിരായോ ബഹു.കോടതികൾ മുമ്പാകെ ഏതെങ്കിലും വ്യവഹാരങ്ങൾ നിലവിലുള്ള പക്ഷം പ്രസ്തുത വ്യവഹാരങ്ങളുടെ അന്തിമവിധിയ്ക്ക് വിധേയമായിട്ടായിരിക്കണം ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ടത്.
- ശമ്പള കുടിശ്ശികയ്ക്ക് ജീവനക്കാർ അർഹരായിരിക്കുന്നതല്ല. ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഇടക്കാലാശ്വാസം തിരിച്ചു പിടിക്കുന്നതല്ല.

- ശമ്പള പരിഷ്കരണം സംബന്ധിച്ച് അപാകതകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് ഒരു മാസത്തിനകം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**പി.എസ്.രാജേഷ്,**

**അഡീഷണൽ സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്, ഗാന്ധിനഗർ, കൊച്ചി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), പൊതുജന സമ്പർക്ക് വകുപ്പ്

കരുതൽ ഫയൽ (എ 3/62/2017/സഹ)/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

## 1. മാസ്റ്റർ സ്കെയിൽ

15500 – 310/4 – 16740 - 350/4 – 18140 – 390/6 – 20480 – 430/5 – 22630 – 470/5 - 24980 – 510/6 - 28040 – 570/6 – 31460 – 630/5 – 34610- 700/5 – 38110 – 770/5 – 41960 – 840/6 – 47000 – 920/8 - 54360 – 1080/8 – 63000 – 1250/10 – 75500 – 1500/4 -81500

## 2. ശമ്പള സ്കെയിൽ

| ക്രമ നം | തസ്തികയുടെ പേര് | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1. | അക്കൗണ്ട്സ് മാനേജർ | 1 | 20280-41150 | 41190-81500 |
| 2 | റീജിയണൽ മാനേജർ | 1 | 18760-39650 | 36710-78500 |
| 3 | മാനേജർ ഗ്രേഡ് - I | 1 | 14310-26310 | 29750-54360 |
| 4 | ഡ്രൈവർ ഹയർ ഗ്രേഡ് | 1 | 12750-22710 | 26000-46160 |
| 5 | ഗോഡൗൺ മാനേജർ | 2 | 11560-20660 | 23570-41960 |
| 6 | സെയിൽസ് അസിസ്റ്റൻറ് ഗ്രേഡ് I | 40 | 9290-16080 | 19700-33350 |
| 7 | ടൈപ്പിസ്റ്റ് | 1 | 8760-14310 | 18140-29750 |
| 8 | സെയിൽസ് അസിസ്റ്റൻറ് ഗ്രേഡ് II | 76 | 8250-12250 | 17440-27530 |
| 9 | സെയിൽസ് ഹെൽപ്പർ | 274 | 7500-11100 | 15500-23100 |
| 10 | ക്ലാർക്ക് (ആശ്രിത നിയമനം) | 1 | 4715-7005 | 15500-23100 |
| 11 | ഡേറ്റാ എൻട്രി ഹെൽപ്പർ | 45 | 7500-11100 | 15500-23100 |
| 12 | ഡേറ്റാ എൻട്രി ഹെൽപ്പർ (അക്കൗണ്ട്സ്) | 1 | 7500-11100 | 15500-23100 |
| 13 | ഫില്ലിംഗ് അസിസ്റ്റൻറ് ഗ്രേഡ് I | 2 | 7500-11100 | 17440-27530 |
| 14 | ഫില്ലിംഗ് അസിസ്റ്റൻറ് ഗ്രേഡ് II | 4 | 7500-11100 | 15500-23100 |
| 15 | ഫില്ലിംഗ് സൂപ്പർവൈസർ | 2 | 7500-11100 | 19700-33350 |
| 16 | സെയിൽസ് ഹെൽപ്പർ (ലോഡിംഗ് & ഡിസ്ട്രിബ്യൂഷൻ) | 24 | 7500-11100 | 15500-23100 |
| 17 | സെയിൽസ് ഹെൽപ്പർ (വെഹിക്കിൾ) | 4 | 7500-11100 | 15500-23100 |
| 18 | സെയിൽസ് ഹെൽപ്പർ (NMWH) | 2 | 7500-11100 | 15500-23100 |
| 19 | സെയിൽസ് ഹെൽപ്പർ (ഫാർമസി) | 24 | 7500-11100 | 15500-23100 |
| 20 | പാർട്ട് ടൈം സ്വീപ്പർ | 1 | 3610 +ഡി.എ | 7450 +ഡി.എ |
| ആകെ | | 507 | | |

**3. കൺസോളിഡേറ്റഡ് പേയിൽ ജോലിചെയ്യുന്നവരുടെ പുതുക്കിയ ശമ്പള സ്കെയിൽ**

| ക്രമ നം | തസ്തികയുടെ പേര് | എണ്ണം | ശുപാർശ ചെയ്യുന്ന ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | സെയിൽസ് ഹെൽപ്പർ | 695 | 15500-23100 |
| 2 | മാനേജ്മെന്റ് ട്രെയിനീസ് | 14 | 15500-23100 |
| 3 | ഫാർമസിസ്റ്റ് | 43 | 15500-23100 |
| 4 | ഫാർമസിസ്റ്റ് (യൂണിറ്റ്) | | |
| | ആകെ | 752 | |

**4. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ പുതുക്കിയ ശമ്പള സ്കെയിൽ**

| ക്രമ നം | തസ്തികയുടെ പേര് | എണ്ണം | നിലവിലെ വേതനം (രൂപ) | പുതുക്കിയ വേതനം (രൂപ) |
|---|---|---|---|---|
| 1 | മാനേജ്മെന്റ് ട്രെയിനി | 30 | 12000 | 15000 |
| 2 | ഹാർഡ് വെയർ ടെക്നീഷ്യൻ | 6 | 12000 | 15000 |
| 3 | ഫാർമസിസ്റ്റ് | 133 | 12000 | 15000 |
| | ആകെ | 169 | | |

## ശമ്പളം നിർണ്ണയിക്കുന്ന മാതൃക

**ഉദാ: 1**

ഒരു വർഷത്തിൽ താഴെ സർവ്വീസുള്ള ഹെൽപ്പർ തസ്തികയിൽ 7500 രൂപ, അടിസ്ഥാന ശമ്പളമുള്ള ജീവനക്കാരൻ (ശമ്പള സ്കെയിൽ 7500-11100)

| | |
|---|---|
| 01.11.2016 ലെ അടിസ്ഥാന ശമ്പളം | - 7500 |
| ക്ഷാമബത്ത (105%) | - 7875 |
| | -------------- |
| ആകെ | -15375 |
| ഫിറ്റ്മെന്റ് 15% (മിനിമം 2000) | - 2000 |
| വെയിറ്റേജ് | - 0 |
| ആകെ | -17375 |
| | ====== |
| പരിഷ്കരിച്ച സ്കെയിലിൽ അടിസ്ഥാന ശമ്പളം (15500-23100) | -17440 |
| വ്യത്യാസം | -2065 |

**ഉദാ:2**

15 വർഷം സർവ്വീസുള്ള മാനേജർ ഗ്രേഡ് I (അടിസ്ഥാന ശമ്പളം 17010) (ശമ്പള സ്കെയിൽ 14310-26310)

| | |
|---|---|
| 01.11.2016 ലെ അടിസ്ഥാന ശമ്പളം | - 17010 |
| ക്ഷാമബത്ത (105%) | - 17861 |
| | -------------- |
| ആകെ | -34871 |
| ഫിറ്റ്മെന്റ് 15% (മിനിമം 2000) | - 2552 |
| വെയിറ്റേജ് 7.5% | - 1280 |
| ആകെ | -38703 |
| | ====== |
| പരിഷ്കരിച്ച സ്കെയിലിൽ അടിസ്ഥാന ശമ്പളം (29750-54360) | -38880 |
| വ്യത്യാസം | -4009 |

**ഉദാ:3**

25 വർഷം സർവ്വീസുള്ള അക്കൗണ്ട്സ് മാനേജർ (അടിസ്ഥാന ശമ്പളം 26310) (ശമ്പള സ്കെയിൽ 20280-41150)

| | |
|---|---|
| 01.11.2016 ലെ അടിസ്ഥാന ശമ്പളം | - 26310 |
| ക്ഷാമബത്ത (105%) | - 27626 |
| | -------------- |
| ആകെ | -53936 |
| ഫിറ്റ്മെന്റ് 15% (മിനിമം 2000) | - 3947 |
| വെയിറ്റേജ് 12.5% | - 3289 |
| ആകെ | - 61172 |
| | ====== |
| പരിഷ്കരിച്ച സ്കെയിലിൽ അടിസ്ഥാന ശമ്പളം (41190-87500) | -61920 |
| വ്യത്യാസം | -7984 |

സെക്ഷൻ ഓഫീസർ